**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 22.02.2025

# കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ അന്വേഷണ മികവിനുള്ള മെഡൽ- വിജിലൻസ് ആസ്ഥാനത്തെ ഡി.ഐ.ജി കാർത്തിക്. കെ IPS ന്

കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്യത്തെ വിവിധ അന്വേഷണ ഏജൻസികളിൽ നിന്നുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്ന അന്വേഷണ മികവിനുള്ള ഇക്കഴിഞ്ഞ വർഷത്തെ മെഡൽ വിജിലൻസ് ആസ്ഥാനത്തെ ഡി.ഐ.ജി. ശ്രീ. കാർത്തിക്.കെ ഐ.പി.എസ്സിന് ലഭിച്ചു. ഇന്ന് (22/02/2025) പോലീസ് ആസ്ഥാനത്ത് സംഘടിപ്പിച്ച ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ശ്രീ. ഷേയ്ഖ് ദർവ്വേഷ് സാഹെബ് ഐ.പി.എസ്സിൽ നിന്നാണ് മെഡൽ ഏറ്റുവാങ്ങിയത്. 2021-ൽ എറണാകുളം കോതമംഗലത്ത്, ദന്തൽ വിദ്യാർത്ഥി മാനസ വെടിയേറ്റ് മരണപ്പെട്ട കേസിലെ മികവുറ്റ അന്വേഷണത്തിനാണ് കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ അന്വേഷണ മികവിനുള്ള പോലീസ് മെഡൽ ലഭിച്ചത്.

കോതമംഗലത്തെ ദന്തൽ കോളേജ് വിദ്യാർത്ഥിയായിരുന്ന മാനസ, കോളേജിൽ നിന്നും താമസ സ്ഥലത്തേക്ക് നടന്ന് പോകുന്ന വഴിയിൽ വച്ച് പ്രണയാഭ്യർത്ഥന നിരസിച്ചതിന്റെ പേരിൽ കണ്ണൂർ സ്വദേശിയായ പ്രതി രാഖിൽ നാടൻ പിസ്റ്റൾ ഉപയോഗിച്ച് ഒളിഞ്ഞിരുന്ന് വെടിവെച്ച് കൊലപ്പെടുത്തിയ ശേഷം ആത്മഹത്യ ചെയ്ത സംഭവം കേരള മനസാക്ഷിയെ ഞെട്ടിച്ച കേസായിരുന്നു. ഇതിനെ തുടർന്ന് സ്ത്രീ സുരക്ഷയെ സംബന്ധിച്ച് പരക്കെ ചർച്ച ചെയ്യുകയും, ബഹു. കേരള മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം അന്ന് എറണാകുളം റൂറൽ എസ്.പി യായിരുന്ന കാർത്തിക്.കെ ഐ.പി.എസ്സിന്റെ കീഴിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാണ് അന്വേഷണം നടത്തിയത്. പ്രതിക്ക് നാടൻ തോക്ക് വിറ്റതിന് ബീഹാർ സ്വദേശികളായ രണ്ട് പ്രതികളേയും ഈ കേസിലേക്ക് അന്വേഷണ സംഘം ബീഹാറിൽ നിന്നും അറസ്റ്റ് ചെയ്യുകയുണ്ടായി. കാർത്തിക്.കെ ഐ.പി.എസ്സിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം 2021 നവംബർ മാസം തന്നെ മികച്ച രീതിയിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നു.